**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476** | **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പയുടെ തിരിച്ചടവ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

**(എ)** കിഫ്ബി വായ്പയുടെ തിരിച്ചടവ് ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

**(എ)** കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്റ്റ് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനാണ് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത് കിഫ് ആക്റ്റ് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്റ്റ് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.

കിഫ് ആക്റ്റ് പ്രകാരം ഇത്തരം വിഹിതം കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള അതിന്റെ ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ-സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബജറ്ററി വിഭവമായോ കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫ്ബിയ്ക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നൽകപ്പെട്ട തുകയാണ്.

കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചപോലെ ആക്റ്റ് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും, വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും, നിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിക്കുന്ന തുകയിൽ നിന്നുമാണ് നടത്തിവരുന്നത്. ആക്റ്റ് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും സർക്കാരിൽ നിന്നും നാളിതുവരെ നൽകിയിട്ടുള്ള തുക തഴെപ്പറയുന്നു.

| Particulars | MVT | CESS ON PETROL & DIESEL | Additional Contribution from Govt. | TOTAL |
|---|---|---|---|---|
| 2016-17 | 281.43 | 448.1 | - | 729.53 |
| 2017-18 | 621.45 | 421.19 | - | 1,042.64 |
| 2018-19 | 1,098.86 | 501.82 | - | 1,600.68 |
| 2019-20 | 1,650.00 | 550 | - | 2,200.00 |
| 2020-21 | 1,633.86 | 539 | - | 2,172.86 |
| 2021-22 | 1,568.08 | 499.99 | 322.07 | 2,390.14 |
| 2022-23* | 1,032.72 | 123.27 | - | 1,155.99 |
| TOTAL | 788,640 | 3,083.37 | 322.07 | 11,291.84 |

(31.07.2022 ലെ കണക്കുകൾ പ്രകാരം)

കിഫ്ബിയുടെ വായ്പ തിരിച്ചടവുകളുടെ വിവരങ്ങൾ വർഷം തിരിച്ച് പ്രത്യേകം നൽകുന്നു.

| **Year** | **2019-20** | **2020-21** | **FY 2021-22** |
|---|---|---|---|
| **Amount Repaid (Principal)** | **19.38** | **76.26** | **307.60** |

(ബി) പ്രസ്തുത തുക ഏത് ബജറ്റ് ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നതെന്നും ഏത് ഇനത്തിൽ ലഭിക്കുന്ന നികുതി/ സെസ്സ് വരുമാനമാണ് തിരിച്ചടവിനായി മാറ്റിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(ബി) കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനാണ് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.

കിഫ് ആക്ട് പ്രകാരം ഇത്തരം വിഹിതം കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള അതിന്റെ ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ-സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബജറ്ററി വിഭവമായോ കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫ്ബിയ്ക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നൽകപ്പെട്ട തുകയാണ്.

കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചപോലെ ആക്ട് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും, വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും, നിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിക്കുന്ന തുകയിൽ നിന്നുമാണ് നടത്തിവരുന്നത്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും സർക്കാരിൽ നിന്നും നാളിതുവരെ നൽകിയിട്ടുള്ള തുക തഴെപ്പറയുന്നു.

| Particulars | MVT | CESS ON PETROL & DIESEL | Additional Contribution from Govt. | TOTAL |
|---|---|---|---|---|
| 2016-17 | 281.43 | 448.1 | - | 729.53 |
| 2017-18 | 621.45 | 421.19 | - | 1,042.64 |
| 2018-19 | 1,098.86 | 501.82 | - | 1,600.68 |
| 2019-20 | 1,650.00 | 550 | - | 2,200.00 |
| 2020-21 | 1,633.86 | 539 | - | 2,172.86 |
| 2021-22 | 1,568.08 | 499.99 | 322.07 | 2,390.14 |
| 2022-23* | 1,032.72 | 123.27 | - | 1,155.99 |
| TOTAL | 788,640 | 3,083.37 | 322.07 | 11,291.84 |

(31.07.2022 ലെ കണക്കുകൾ പ്രകാരം)

കിഫ്ബിയുടെ വായ്പ തിരിച്ചടവുകളുടെ വിവരങ്ങൾ വർഷം തിരിച്ച് പ്രത്യേകം നൽകുന്നു.

| **Year** | **2019-20** | **2020-21** | **FY 2021-22** |
|---|---|---|---|
| **Amount Repaid** | **19.38** | **76.26** | **307.60** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | **(Principal)** | | | |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ ആറാം സമ്മേളനം - ബഹു. എം.എൽ.എ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ.എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രി 24.08.2022 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 476 കിഫ്ബി വായ്പയുടെ തിരിച്ചടവ് എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

.

ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.

*(എ)* കിഫ്ബി വായ്പയുടെ തിരിച്ചടവ് ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; *(ബി)* പ്രസ്തുത തുക ഏത് ബജറ്റ് ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നതെന്നും ഏത് ഇനത്തിൽ ലഭിക്കുന്ന നികുതി/സെസ്സ് വരുമാനമാണ് തിരിച്ചടവിനായി മാറ്റിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു.

Reji John

**ജോയിന്റ് സെക്രട്ടറി**